# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### വടകര-മാഹി കനാൽ നിർമ്മാണം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 852

11/06/2014 - ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക. | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര-മാഹി കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസരവാസികളുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) വടകര-മാഹി കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസരവാസികളുടെ പരാതിയിൽ പ്രധാനമായും വന്നിട്ടുള്ളത് കനാലിന്റെ ഇരു ഭാഗത്തുമുള്ള പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും മഴക്കാലത്ത് സമീപ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കനാലിന്റെ ഇരുഭാഗത്തും എത്തിച്ചേരുന്നതിനാവശ്യമായ ഗതാഗത സൗകര്യം ഒരുക്കുന്നതുമായും ബന്ധപ്പെട്ടതാണ്.<br><br>പ്രസ്തുത കാര്യങ്ങളിൽ ജനപ്രതിനിധികളുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സ്ഥലം എം.എൽ.എയുടെയും നേതൃത്വത്തിൽ സ്ഥലവാസികളുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗുകൾ ചേർന്ന് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മാനിച്ചുകൊണ്ട് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി മാങ്ങാമുഴിയിൽ ഒരു ലോക്കും അതിനോടനുബന്ധിച്ച് റോഡും പാലവും നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ആയിട്ടുണ്ട്. സമീപ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നിലവിലുള്ള തോടുകൾ പൈപ്പുകൾവേർട്ടുകൾ വഴിയും മറ്റും കനാൽ വഴി ബന്ധിപ്പിച്ചുകൊണ്ട് വെള്ളം കനാലിലേക്ക് ഒഴുക്കി വിടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിലവിലുള്ള പാലങ്ങൾ പുതുക്കി പണിയുന്നതിനും സ്ഥലവാസികൾ ആവശ്യപ്പെട്ട |

സ്ഥലങ്ങളിൽ റോഡ്പാലവും, നടപ്പാലവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. ഇപ്പോൾ വലതുകരയിൽ നിർദ്ദേശിച്ചിട്ടുള്ള 1 മീറ്റർ വീതിയുള്ള നടപ്പാത സ്ഥലം ലഭ്യമാവുന്ന പക്ഷം 3 മീറ്റർ റോഡാക്കി മാറ്റുന്നതിലേക്ക് സ്ഥലം എം.എൽ.എ. യുടെയും ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. ആയത് സ്ഥലം ലഭ്യമാവുന്ന മുറക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

ബി) പ്രസ്തുത കനാലിന് കുറുകെ ഏതൊക്കെ സ്ഥലങ്ങളിലാണ് പാലങ്ങൾ പണിയുന്നതിന് അനുമതിയായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വടകര-മാഹി കനാലിന് കുറുകെ കല്ലേരിയിലും പറമ്പിലും പുതിയ റോഡ് പാലം നിർമ്മിക്കുന്നതിനും മൂഴിക്കൽ ഭാഗത്ത് ലോക്ക് കം ബ്രിഡ്ജ് പണിയുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഓരോ പാലത്തിനും വകയിരുത്തിയ തുക വിശദമാക്കുമോ?

(സി)

1. വടകര-മാഹി കനാലിന് കുറുകെ, കല്ലേരിയിൽ റോഡ്പാലം നിർമ്മാണം-9,70,00,000 രൂപ
2. വടകര-മാഹി കനാലിന് കുറുകെ, പറമ്പിൽ റോഡ് പാലം നിർമ്മാണം- 9,95,00,000 രൂപ
3. മൂഴിക്കൽ ലോക്കും അതോടനുബന്ധിച്ച് റോഡ് പാലം നിർമ്മാണം (ലോക്ക് കം ബ്രിഡ്ജ്) - 10,00,00,000 രൂപ

സെക്ഷൻ ഓഫീസർ